**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4998** **01-11-2021 - ൽ മറുപടിയ്ക്ക്**

**കുത്താട്ട് പ്രദേശത്തെ കുന്നിടിച്ചൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കുത്താട്ട് എന്ന സ്ഥലത്ത് കുന്നിടിഞ്ഞ് വീട്ടുകൾക്ക് ഭീഷണിയാകുന്നതും പട്ടികജാതി കോളനി ഉൾപ്പെടുന്ന പ്രദേശത്ത് ഭൂമിയിൽ വിള്ളൽ രൂപപ്പെടുന്നതും കണക്കിലെടുത്ത് ശാസ്ത്രീയ പഠനം നടത്തി ശാശ്വത പരിഹാരം കാണുന്നതിന് ദുരന്തനിവാരണ കമ്മീഷണറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; | (എ) | കണ്ണൂർ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം പഞ്ചായത്തിലെ കുത്താട്ട് മലമ്പ്രദേശത്തു മണ്ണിടിച്ചിൽ കാരണം പാറകൾ താഴെക്ക് പതിക്കുന്ന അവസ്ഥയായതിനാൽ 30 ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. നാഷണൽ ഇൻസിറ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് എന്ന സ്ഥാപനത്തിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു സംഘം പ്രസ്തുത പ്രദേശത്ത് പഠനം നടത്തുകയും ടി വിഷയത്തിൽ വിശദമായ പഠനം ആവശ്യമുണ്ടെന്ന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത വിഷയം ദുരന്ത നിവാരണ അതോറിറ്റിയുടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ഉപദേശക സമിതിയുടെ പരിഗണനയിലുമാണ്. |
| (ബി) | എങ്കിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കണ്ണൂർ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം പഞ്ചായത്തിലെ കുത്താട്ട് മലമ്പ്രദേശത്തു മണ്ണിടിച്ചിൽ കാരണം പാറകൾ താഴെക്ക് പതിക്കുന്ന അവസ്ഥയായതിനാൽ 30 ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. നാഷണൽ ഇൻസിറ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് എന്ന സ്ഥാപനത്തിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു സംഘം പ്രസ്തുത പ്രദേശത്ത് പഠനം നടത്തുകയും ടി വിഷയത്തിൽ വിശദമായ പഠനം ആവശ്യമുണ്ടെന്ന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത വിഷയം ദുരന്ത നിവാരണ അതോറിറ്റിയുടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ഉപദേശക സമിതിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ